**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1608** — **10.02.2020 ൽ മറുപടിയ്ക്ക്**

# പ്രാദേശികതലത്തിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രാദേശികതലത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല തദ്ദേശ സ്വയംഭരണവകുപ്പിന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും, സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് സംബന്ധിച്ച് സ.ഉ.(കൈ) നം156/2019/തസ്വഭവ, തീയതി 04.12.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ദുരന്തനിവാരണ, പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് ദുരന്തനിവാരണ അതോറിറ്റിയും അതിന്റെ മേൽനോട്ട ചുമതല റവന്യൂ വകുപ്പിനുമായിരിക്കെ ഇപ്രകാരം ഒരു സംവിധാനം ഏർപ്പെടുത്തുക വഴി തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള പ്രാദേശികസംവിധാനങ്ങളും റവന്യൂ വകുപ്പിനുകീഴിലുള്ള ഏജൻസികളും തമ്മിലുള്ള ഏകോപനം എപ്രകാരം ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാന - ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികളിലും, Orange Book on Disaster Management ലും ഇത്തരം ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റികളുടെ ചുമതലകൾ നിയമം മൂലം നിർവചിച്ചിട്ടുള്ളതിനാൽ മാറ്റങ്ങൾ ഒന്നും ഉണ്ടാകുന്നില്ല.<br><br>തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതി ആസൂത്രണ സമിതി അംഗീകാരത്തിന് ശേഷം അന്തിമ അംഗീകാരത്തിനും റിക്കോർഡിനായും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയ്ക്ക് കൈമാറേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

- 13 അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.156/2019/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 04/12/2019**

---

പരാമർശം:- 1 ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൻ്റെ സ.ഉ. (സാധാ)നം.499/2019/ആ.സാ.വ നമ്പർ ഉത്തരവ്, തീയതി 26.11.2019

**ഉത്തരവ്**

പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥ വ്യതിയാനവും അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന കേരളത്തിൽ, വെള്ളപ്പൊക്കം, വരൾച്ച, ഉരുൾ പൊട്ടൽ, കടൽക്ഷോഭം എന്നീ പ്രകൃതി ദുരന്തങ്ങൾ ജനങ്ങൾക്ക് വെല്ലുവിളിയാകുകയാണ്. ഈ സാഹചര്യത്തിൽ ഇത്തരം ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്. ഇതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്തപ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ വർക്കുകൾ ഉൾപ്പെടുത്തേണ്ടതുമാണ്.

3. 'ദുരന്തനിവാരണ പദ്ധതിയിൽ ചുവടെയുള്ള പ്രധാന ഘടകങ്ങൾ ഉണ്ടാകേണ്ടതാണ്.

* തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പൊതുവിവരങ്ങൾ (LSG Profile).
* അപകട സാധ്യത നിറഞ്ഞതും ദുരന്ത ദുർബലത സ്ഥിതി സ്ഥലങ്ങളുടേതുമായ രൂപരേഖ (Hazard and Vulnerability Profile).
* ക്ഷമതയും വിഭവങ്ങളും (Capacity and Resources)
* ദുരന്ത പ്രതികരണ ആസൂത്രണ രേഖ (Response Plan)
* ദുരന്ത അതിജീവന തയ്യാറെടുപ്പുകൾ, ദുരന്ത ലഘൂകരണം, സാമൂഹിക ശാക്തീകരണ പദ്ധതി (Preparedness, mitigation and community resilience plan)

**4. അടിയന്തര പ്രതികരണ ടീം (Emergency Response Team) രൂപീകരണം**

ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം സിദ്ധിച്ചവരും പ്രദേശത്തെ ഭൂഘടനയെ കുറിച്ച് അറിവുള്ളവരുമായ പ്രാദേശിക സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു അടിയന്തര പ്രതികരണ ടീം, ദേശീയ ദുരന്ത നിവാരണ ആക്ട് പ്രകാരം രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സന്നദ്ധ പ്രവർത്തകർ ദുരന്ത നിവാരണ-പ്രതിരോധ പ്രവർത്തനങ്ങളിൽ അടിസ്ഥാന ജ്ഞാനം ഉള്ളവരും ദുരന്ത മേഖലയിൽ ആവശ്യഘട്ടത്തിൽ അടിയന്തരമായി എത്തിച്ചേർന്ന് പ്രവർത്തനങ്ങൾ നടത്താൻ തയ്യാറുള്ളവരും ആയിരിക്കണം. ഇപ്രകാരമുള്ള 8 പേർ എങ്കിലും അടങ്ങുന്ന ഒരു ടീം ഓരോ വാർഡിലും ഉണ്ടായിരിക്കണം.

കാലേക്കൂട്ടി ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനും, ദുരന്തത്തിൽ ഉൾപ്പെട്ടവരെ കണ്ടെത്തി രക്ഷാപ്രവർത്തനം നടത്തി ദുരന്ത മേഖലയിൽ നിന്നും ഒഴിപ്പിക്കുന്നതിനും ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നടത്തിപ്പിനും പ്രഥമ ശുശ്രൂഷ, അടിസ്ഥാന ജീവരക്ഷ ഉപാധി നൽകൽ എന്നിവയ്ക്കായി ഒരു തദ്ദേശസ്ഥാപനത്തിലും 4 ERT -കൾ വീതം രൂപീകരിക്കേണ്ടതാണ്.

**5. ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങളും ചുമതലകളും**

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതി വാർഷിക പദ്ധതിയുമായി ഏകോപിപ്പിക്കണം.
2. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള Incident Response System, അടിയന്തര പ്രതികരണ സേന എന്നിവയുടെ രൂപീകരണവും ശേഷി വർദ്ധിപ്പിക്കലും ഉറപ്പുവരുത്തണം.
3. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ക്യാമ്പായി പ്രവർത്തിക്കാവുന്നവയുടെ പരിപാലനവും അടിസ്ഥാന സൗകര്യ മെച്ചപ്പെടുത്തലും

ഉറപ്പു വരുത്തണം.

4. റവന്യൂ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവരുമായി ചേർന്ന് ദുരന്ത ബാധിതരെ മാറ്റിപാർപ്പിക്കുന്നതിനു വേണ്ടി കണ്ടെത്തിയിട്ടുള്ള സുരക്ഷിത സങ്കേതങ്ങളിലേയ്ക്കോ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്കോ മാറ്റി പാർപ്പിക്കുന്നതിനുള്ള ക്രമീകരണം ചെയ്യണം.

5.സുരക്ഷിത സങ്കേതങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും ആവശ്യം വേണ്ട കുടിവെള്ളം, ടോയ്‌ലറ്റ്, വെളിച്ചം എന്നിവ ലഭ്യമാക്കണം.

6. സർക്കാരും മറ്റ് ഏജൻസികളും വഴി നടപ്പിലാക്കുന്ന പുനരധിവാസ പ്രവർത്തികളുടെയും ക്ഷേമ പദ്ധതികളെയും സംബന്ധിച്ചുള്ള ബോധവൽക്കരണം ഉറപ്പു വരുത്തണം.

## 6. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അവസ്ഥാ പഠന രൂപരേഖ തയ്യാറാക്കുന്നതിനും 20 അംഗങ്ങൾ അടങ്ങുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരിക്കേണ്ടതാണ്. അവരുടെ പരിശീലനം കില, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവ സംയുക്തമായി നൽകുന്നതായിരിക്കും. ഇതുകൂടാതെ ഓരോ വാർഡ് തലത്തിലും സാമൂഹ്യ സംഘടനകൾ, NGO -കൾ, യുവജന സംഘടനകൾ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരെ കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 20 പേർ അടങ്ങുന്ന ടീം രൂപീകരിക്കേണ്ടതാണ്.

## 7. ദുരന്തനിവാരണ പദ്ധതി രൂപീകരണം : നടപടി ക്രമങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിനും ആയത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ചുവടെയുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. പ്രാദേശികമായി ലഭ്യമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച്, പരിശീലനം സിദ്ധിച്ച ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് transect walk നടത്തി അവസ്ഥാ പഠനം നടത്തണം .
2. സ്ഥിതിവിവര കണക്കുകളും അവസ്ഥാ പഠനവും ആസ്പദമാക്കി കരട് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കണം.
3. ഇപ്രകാരം തയ്യാറാക്കിയ കരട് ദുരന്തനിവാരണ പദ്ധതിയിന്മേൽ ഗ്രാമസഭ യോഗത്തിൽ ചർച്ച നടത്തേണ്ടതാണ്.

4. ഗ്രാമസഭ മുന്നോട്ട് വെയ്ക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച കരട് ദുരന്തനിവാരണ പദ്ധതി പഞ്ചായത്ത് കമ്മിറ്റി ചർച്ചയ്ക്ക് വയ്ക്കണം.

5. അന്തിമ ദുരന്തനിവാരണ പദ്ധതി ചർച്ച ചെയ്യാൻ പ്രത്യേക വികസന സെമിനാർ, വാർഷിക പദ്ധതി വികസന സെമിനാറിന് മുന്നോടിയായി നടത്തേണ്ടതാണ്.

6 അതിനു ശേഷം ദുരന്തനിവാരണ പദ്ധതി, തദ്ദേശ സ്വയംഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമാക്കണം.

## 8. ജൈവ വൈവിധ്യ മാനേജ്മെന്റ് - കാലാവസ്ഥ വ്യതിയാന - ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതല

ദുരന്തനിവാരണ പദ്ധതി രൂപീകരണത്തിനായുള്ള ഏകോപനം ഉറപ്പ് വരുത്തുന്നത് ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് ആണ്. ദുരന്തം നേരിടുന്നതിനുള്ള തയ്യാറെടുപ്പ്, പ്രതിരോധം, ലഘൂകരണം എന്നീ പ്രവർത്തനങ്ങൾക് ഉത്പാദനം, സേവനം, പശ്ചാത്തലം തുടങ്ങിയ മേഖലകളിൽ നിന്നുള്ള നിർദ്ദേശങ്ങളും ഇടപെടൽ പ്രവർത്തനങ്ങളും അനിവാര്യമായതിനാൽ ദുരന്തനിവാരണ പദ്ധതിയെ അടിസ്ഥാനമാക്കി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും ആവശ്യങ്ങൾ നിർണയിക്കുന്നതിനുമുള്ള പ്രൊജക്റ്റ് ആശയങ്ങൾക്ക് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപം നൽകുക. അന്തിമ ദുരന്തനിവാരണ പദ്ധതി തയ്യാറായി കഴിഞ്ഞാൽ അതത് മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത കുറിപ്പ് തയ്യാറാക്കി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറുന്നത് ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ് ആണ്. കൂടാതെ, ബോധവൽക്കരണ പരിപാടികൾ, അടിയന്തര പ്രതികരണ ടീം (ERT) രൂപീകരണം, പരിശീലനം, തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പ്രൊജെക്ടുകൾ ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.

## 9. ദുരന്ത നിവാരണ പദ്ധതി അംഗീകരിക്കലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തലും - ജില്ലാ ആസൂത്രണ സമിതി.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും, തദ്ദേശസ്വയംഭരണ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി പാലിക്കേണ്ടതാണ്; ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കരട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. നിർദ്ദിഷ്ട template -ൽ ഉള്ള ദുരന്ത നിവാരണ പദ്ധതിക്ക് അംഗീകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകേണ്ടത്. ജില്ലാതലത്തിലുള്ള സാങ്കേതിക സമിതി ദുരന്തനിവാരണ പദ്ധതിയുടെ

സൂക്ഷ്മ പരിശോധന നടത്തിയ ശേഷം ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്തനിവാരണ പദ്ധതി (LSG-DMP) ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതാണ്. ആയത് അന്തിമ അംഗീകാരത്തിനും റിക്കോർഡിനായും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയ്ക്ക് കൈമാറേണ്ടതാണ്.

ആസൂത്രണ പ്രക്രിയയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ, ജില്ലാ ആസൂത്രണ സമിതികൾ, മണ്ണ് സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, ജല സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആസൂത്രണ ശില്പശാല ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തണം. ആയതിൽ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി പങ്കുവെയ്ക്കേണ്ടതാണ്.

ദുരന്ത മാനേജ്മെന്റ് പ്ലാൻ മുന്നോട്ടു വയ്ക്കുന്ന ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുമുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ, വിഭവലഭ്യത പരിഗണിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ കരട് രൂപരേഖയുടെ പകർപ്പും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും , ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. അതിൽനിന്നും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പരിശീലനങ്ങളും കിലയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി നടത്തുന്നതായിരിക്കും.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ IKM (ഇൻഫർമേഷൻ കേരള മിഷൻ) വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പല് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

**File No.LSGD-DA1/372/2019-LSGD**

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും കോർപ്പറേഷൻ മേയർമാർക്കും
സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി യുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Daniya M
സെക്ഷൻ ഓഫീസർ